**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2389** **05-02-2026 - ൽ മറുപടിയ്ക്ക്**

**പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.യു.) പദ്ധതിയുടെ രണ്ടാം ഘട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നഗര പ്രദേശത്തെ ആളുകൾക്ക് പാർപ്പിട സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പി.എം.എ.വൈ.യു (പ്രധാനമന്ത്രി ആവാസ് യോജന) പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സംസ്ഥാനം അംഗമാകാത്തതിനാൽ നിരവധി പേർക്ക് ഭവനനിർമ്മാണ ആനുകൂല്യം നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതിയിൽ അംഗമാകാതെ ഇരിക്കുന്നതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | പി.എം.എ.വൈ.(നഗരം) 2.0 പദ്ധതി 2024 സെപ്റ്റംബർ മാസത്തിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചുവെങ്കിലും, PMAY-U 2.0 പദ്ധതി മാർഗ്ഗരേഖ പ്രകാരം<br><br>i.ഖണ്ഡിക 4.12 പ്രകാരം States/UTs/ULBs will mandatorly display the PMAY-U 2.0 logo prominently in front of all housing units constructed under the scheme. എന്ന നിബന്ധന ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ii. മാർഗ്ഗ രേഖ ഖണ്ഡിക 8.1 പ്രകാരം യൂണിറ്റ് കോസ്റ്റ് 2,50,000 രൂപയായി വർധിപ്പിച്ചിട്ടുണ്ടെങ്കിലും കേന്ദ്ര വിഹിതത്തിൽ വർധനവ് വരുത്തിയിട്ടില്ല. നിലവിലുള്ള പി.എം.എ.വൈ – അർബൻ പദ്ധതിയിലെ കേന്ദ്ര വിഹിതം 1.5 ലക്ഷം രൂപ (75%)യും സംസ്ഥാന സർക്കാർ വിഹിതം 50,000 രൂപ (25%) യുമാണ്. സംസ്ഥാനത്ത് യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയായിനിശ്ചയിച്ചിട്ടുള്ളതിനാൽ ബാക്കി 2 ലക്ഷം രൂപ സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി വിഹിതത്തിൽ നിന്നുൾപ്പെടെ നഗരസഭകൾ വഹിക്കുന്നു. പി.എം.എ.വൈ–അർബൻ 2.0 മാർഗ്ഗരേഖ പ്രകാരം സംസ്ഥാന സർക്കാർ വിഹിതം നിലവിലുള്ള 50,000 രൂയിൽ നിന്നും ഒരു ലക്ഷം രൂപ (40%)യായി വർധിപ്പിച്ചിട്ടുണ്ട്.<br><br>ബ്രാൻഡിംഗ് നിബന്ധന ഒഴിവാക്കുന്നതിന് ബഹു. മുഖ്യമന്ത്രി, ബഹു.പ്രധാനമന്ത്രിക്ക് കത്തെഴുതിയെങ്കിലും നിബന്ധന ഒഴിവാക്കുന്നതിനുള്ള നടപടി കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല. നിബന്ധനകളിൽ ഇളവ് ആവശ്യപ്പെട്ട് സംസ്ഥാനം കേന്ദ്ര നഗരകാര്യ മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എത്രപേർക്ക് ഭവനനിർമ്മാണത്തിന് സഹായം അനുവദിച്ചിട്ടുണ്ട്; എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | നിലവിലെ PMAY(U) പദ്ധതിയിൽ 127048 ഭവനങ്ങൾക്ക് അനുമതി ലഭിക്കുകയും 98065 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയുടെ ഭാഗമായി നാളിതുവരെ സംസ്ഥാനത്തിന് എത്ര തുക ലഭിച്ചിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (സി) | നാളിതുവരെ 1718.91 കോടി രൂപ കേന്ദ്ര വിഹിതമായി ലഭ്യമായിട്ടുണ്ട്. സംസ്ഥാന വിഹിതമായ 567.65 കോടി രൂപ ഉൾപ്പെടെ ലഭ്യമായ 2286.56 കോടി രൂപയിൽ നാളിതുവരെ 2178.95 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാന താൽപര്യങ്ങൾക്ക് വിരുദ്ധമായ എന്തെങ്കിലും വ്യവസ്ഥകൾ ഉൾപ്പെടുത്തിയതിനാലാണോ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ നിന്ന് പിന്മാറിയത്; വ്യക്തമാക്കുമോ; അല്ലെങ്കിൽ പദ്ധതിയിൽ അംഗമായി അർഹതപ്പെട്ടവർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | പി.എം.എ.വൈ.(നഗരം) 2.0 പദ്ധതി 2024 സെപ്റ്റംബർ മാസത്തിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചുവെങ്കിലും, PMAY-U 2.0 പദ്ധതി മാർഗ്ഗരേഖ പ്രകാരം<br><br>i.ഖണ്ഡിക 4.12 പ്രകാരം States/UTs/ULBs will mandatorily display the PMAY-U 2.0 logo prominently in front of all housing units constructed under the scheme. എന്ന നിബന്ധന ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ii. മാർഗ്ഗ രേഖ ഖണ്ഡിക 8.1 പ്രകാരം യൂണിറ്റ് കോസ്റ്റ് 2,50,000 രൂപയായി വർധിപ്പിച്ചിട്ടുണ്ടെങ്കിലും കേന്ദ്ര വിഹിതത്തിൽ വർധനവ് വരുത്തിയിട്ടില്ല. നിലവിലുള്ള പി.എം.എ.വൈ – അർബൻ പദ്ധതിയിലെ കേന്ദ്ര വിഹിതം 1.5 ലക്ഷം രൂപ (75%)യും സംസ്ഥാന സർക്കാർ വിഹിതം 50,000 രൂപ (25%) യുമാണ്. സംസ്ഥാനത്ത് യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുള്ളതിനാൽ ബാക്കി 2 ലക്ഷം രൂപ സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി വിഹിതത്തിൽ നിന്നുൾപ്പെടെ നഗരസഭകൾ വഹിക്കുന്നു. പി.എം.എ.വൈ–അർബൻ 2.0 മാർഗ്ഗരേഖ പ്രകാരം സംസ്ഥാന സർക്കാർ വിഹിതം നിലവിലുള്ള 50,000 രൂയിൽ നിന്നും ഒരു ലക്ഷം രൂപ (40%)യായി വർധിപ്പിച്ചിട്ടുണ്ട്.<br><br>ബ്രാൻഡിംഗ് നിബന്ധന ഒഴിവാക്കുന്നതിന് ബഹു. മുഖ്യമന്ത്രി, ബഹു.പ്രധാനമന്ത്രിക്ക് കത്തെഴുതിയെങ്കിലും നിബന്ധന ഒഴിവാക്കുന്നതിനുള്ള നടപടി കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല. നിബന്ധനകളിൽ ഇളവ് ആവശ്യപ്പെട്ട് സംസ്ഥാനം കേന്ദ്ര നഗരകാര്യ മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ